**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3815</u>** **<u>27-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള ഗവ. വാക്സിൻ സർട്ടിഫിക്കറ്റ് കാരണം വിദേശയാത്ര പോകാൻ കഴിയാത്തത്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് വാക്സിൻ സ്വീകരിച്ച പ്രവാസികൾക്ക് കേന്ദ്ര ഗവൺമെൻറ് സർട്ടിഫിക്കറ്റിന് പകരം ഇടക്കാലത്ത് കേരള ഗവ. സർട്ടിഫിക്കറ്റ് നൽകിയത് കാരണം വിദേശയാത്ര പോകാൻ കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വരുകയും, സംസ്ഥാനം നൽകിയ അഭ്യർത്ഥന പ്രകാരം ഇത്തരം കേസുകളുടെ വിശദാംശങ്ങൾ കോവിൻ പോർട്ടലിൽ കൊണ്ടു വരുന്നതിന് കേന്ദ്ര മന്ത്രാലയം വ്യവസ്ഥകൾ ഉണ്ടാക്കുകയുമുണ്ടായി. അതിനു ശേഷം അത്തരം കേസുകളുടെ വിശദാംശങ്ങൾ സമാഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും കേന്ദ്ര മന്ത്രാലയം നൽകിയ ഒരു ടെമ്പ്ലേറ്റ് പങ്കിട്ടു. ഇങ്ങനെ ശേഖരിച്ച വിശദാംശങ്ങൾ കേന്ദ്ര മന്ത്രാലയവുമായി വീണ്ടും പങ്കു വയ്ക്കുകയും, അങ്ങനെ എല്ലാ കേസുകളും കോവിൻ പോർട്ടലിൽ കൊണ്ടു വന്ന് അന്തിമ സർട്ടിഫിക്കറ്റ് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രവാസികൾക്ക് തിരികെ പോകാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വരുകയും, സംസ്ഥാനം നൽകിയ അഭ്യർത്ഥന പ്രകാരം ഇത്തരം കേസുകളുടെ വിശദാംശങ്ങൾ കോവിൻ പോർട്ടലിൽ കൊണ്ടു വരുന്നതിന് കേന്ദ്ര മന്ത്രാലയം വ്യവസ്ഥകൾ ഉണ്ടാക്കുകയുമുണ്ടായി. അതിനു ശേഷം അത്തരം കേസുകളുടെ വിശദാംശങ്ങൾ സമാഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും കേന്ദ്ര മന്ത്രാലയം നൽകിയ ഒരു ടെമ്പ്ലേറ്റ് പങ്കിട്ടു. ഇങ്ങനെ ശേഖരിച്ച വിശദാംശങ്ങൾ കേന്ദ്ര മന്ത്രാലയവുമായി വീണ്ടും പങ്കു വയ്ക്കുകയും, അങ്ങനെ എല്ലാ കേസുകളും കോവിൻ പോർട്ടലിൽ കൊണ്ടു വന്ന് അന്തിമ സർട്ടിഫിക്കറ്റ് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ശ്രീമതി സുധ ആൽമജൻ, മാങ്കരവീട് സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ? | (സി) | ഇത്തരത്തിൽ ഒരു അപേക്ഷ നോർക്ക വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ